# പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 3493

14.10.2011 ൽ മറുപടിക്ക്

## ചെറുവണ്ണൂരിലെ സ്റ്റീൽ കോംപ്ലക്സ്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എളമരം കരീം :<br>ശ്രീ. പുരുഷൻ കടലുണ്ടി:<br>ഡോ: കെ.ടി. ജലീൽ:<br>ശ്രീ. പി.ടി.എ. റഹീം : | ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവര സാങ്കേതികവും നഗരകാര്യവും വകുപ്പ് മന്ത്രി) |
| (എ) കോഴിക്കോട് ചെറുവണ്ണൂരിലെ സ്റ്റീൽ കോംപ്ലക്സിൽ റീ-റോളിംഗ് മിൽ സ്ഥാപിക്കാനുള്ള പ്രോജക്ടിന്റെ നിലവിലെ അവസ്ഥ എന്താണ് ; | (എ) സ്റ്റീൽ കോംപ്ലക്സിന്റെ പുനരുദ്ധാരണ പദ്ധതിയുടെ ഭാഗമായാണ് കമ്പനിയിൽ ഒരു റീ-റോളിംഗ് മില്ല് സ്ഥാപിക്കുവാൻ തീരുമാനിച്ചത്. 2008 ൽ തയ്യാറാക്കിയ റിപ്പോർട്ട് പ്രകാരം 47.64 കോടി രൂപയുടെ ചെലവാണ് പ്രതീക്ഷിച്ചിരുന്നത്. ഇതിന് JV ആണ് തുക സംഭരിക്കേണ്ടത്. 31.12.2010 ലാണ് JV നടപ്പിൽ വന്നത്. 3 വർഷം കഴിഞ്ഞപ്പോൾ പദ്ധതിയുടെ മൊത്തം തുകയിൽ വ്യതിയാനം വന്നിട്ടുണ്ട്. (Project escalation). ഇപ്പോൾ ഭേദഗതി ചെയ്ത പദ്ധതിയ്ക്ക് 53 കോടി രൂപയോളം ചെലവാണ് പ്രതീക്ഷിക്കുന്നത്. ഇതിന് SAIL - SCL JV ബോർഡിന്റെ അംഗീകാരം ലഭ്യമാക്കേണ്ടതുണ്ട്. |
| (ബി) സ്റ്റീൽ കോംപ്ലക്സിന്റെ 2011-12 വർഷത്തെ പ്രവർത്തനം ലാഭമോ നഷ്ടമോ; എത്രയാണ് ; | (ബി) നഷ്ടമാണ്. 2011 ഏപ്രിൽ മാസം മുതൽ സെപ്തംബർ വരെയുള്ള 6 മാസത്തെ ആഡിറ്റ് ചെയ്യാത്ത ഫൈനാൻഷ്യൽ സ്റ്റേറ്റ്മെന്റ് പ്രകാരം 234.36 ലക്ഷം രൂപയാണ് നഷ്ടം. |
| (സി) കമ്പനിയുടെ പ്രവർത്തനം മെച്ചപ്പെടുത്താൻ സംയുക്ത സംരംഭത്തിലേർപ്പെട്ട 'സെയിലു' മായി സർക്കാർ എന്തെങ്കിലും ചർച്ച നടത്തിയിട്ടുണ്ടോ ; | (സി) ഉണ്ട്. |
| (ഡി) സ്റ്റീൽ കോംപ്ലക്സിന്റെ വികസന ത്തിനായി 'സെയിലു' മായി ചേർന്ന് റീ-റോളിംഗ് മിൽ സ്ഥാപിക്കാനുള്ള അടിയന്തിര നടപടികൾ കൈക്കൊള്ളുമോ ? | (ഡി) പരിശോധിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ